**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2047** **21-06-2024 - ൽ മറുപടിയ്ക്ക്**

**കഴക്കൂട്ടം-കൊല്ലം ഐ.ടി ഇടനാഴി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം മുകേഷ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | 2022-23 ലെ ബജറ്റിൽ പ്രഖ്യാപിച്ച കഴക്കൂട്ടം-കൊല്ലം ഐ.ടി ഇടനാഴി പദ്ധതിയുടെ രൂപീകരണ പുരോഗതി അറിയിക്കുമോ; | (എ) | ഐ.ടി. വ്യവസായത്തിന്റെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നത് മുന്നിൽ കണ്ട് സംസ്ഥാനത്ത് 4 ഐ.ടി. ഇടനാഴികൾ സ്ഥാപിക്കുമെന്ന് 2022-23-ലെ ബജറ്റിൽ പ്രഖ്യാപിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ഐ.ടി.ഐ.എൽ-നെ ലാന്റ് അക്വിസിഷൻ ഏജൻസിയായി നിയമിക്കുകയുണ്ടായി. 4 ഐ.ടി. ഇടനാഴികളിലുമായി, 76 ലാന്റ് പാർസലുകളിലായി ഏകദേശം 4980 ഏക്കർ ഭൂമി കണ്ടെത്തുകയുണ്ടായി. സർക്കാർ നിയമിച്ച കമ്മിറ്റി പ്രസ്തുത സ്ഥലങ്ങൾ പരിശോധിക്കുകയും 46 ലാന്റ് പാർസലുകളിലായി ഏകദേശം 1699 ഏക്കറോളം ഭൂമി ഐ.ടി. വ്യവസായത്തിന് അനുയോജ്യമാണെന്ന് കണ്ടെത്തുകയും ചെയ്തു. ഇതിൽ ആദ്യ ഇടനാഴിയിൽ (ടെക്നോപാർക്ക് ഫേസ് -III മുതൽ കൊല്ലം വരെ) ആറു സ്ഥലങ്ങളിലായി കണ്ടെത്തിയ 200 ഏക്കർ ഭൂമിയിൽ ഐ.ടി. വ്യവസായം തുടങ്ങുന്നതിനായി കോ-ഡെവലപ്പേഴ്സിനെ കണ്ടെത്തുന്നതിന് കെ.എസ്.ഐ.ടി.ഐ.എൽ താൽപര്യം പ്രകടിപ്പിക്കൽ പത്രം ക്ഷണിച്ചിട്ടുണ്ട്. തുടർ നടപടികൾ പുരോഗമിച്ചുവരുന്നു.<br><br>കൂടാതെ, കൊല്ലം ജില്ലയിൽ പുതുതായി ഒരു ഐ.ടി. പാർക്ക് സ്ഥാപിക്കുന്നതിലേയ്ക്കായി നഗരപരിധിയിൽ മൂന്ന് ലാന്റ് പാർസലുകൾ കണ്ടെത്തിയിട്ടുണ്ട്. അതിൽ ഏറ്റവും അനുയോജ്യമായ ഒരെണ്ണം തിരഞ്ഞെടുക്കുന്നതിനും ഭൂമി ഏറ്റെടുക്കുന്നതിനുമായുള്ള നടപടികൾ പുരോഗമിക്കുന്നു. ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് ഐ.ടി. പാർക്കിന്റെ വിശദമായ രൂപരേഖ തയ്യാറാക്കുന്ന നടപടിയിലേയ്ക്ക് കെ.എസ്.ഐ.ടി.ഐ.എൽ കടക്കുന്നതാണ്. |
| (ബി) | ഇതിനായി ഭൂമി ഏറ്റെടുക്കുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുണ്ടോ; എങ്കിൽ വിശദാംശം | (ബി) | കഴക്കൂട്ടം-കൊല്ലം ഐ.ടി ഇടനാഴി പദ്ധതിയ്ക്കായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള അനുമതി നൽകി |

| | | | |
|---|---|---|---|
| | ലഭ്യമാക്കുമോ? | | ഉത്തരവായിട്ടില്ല. |

സെക്ഷൻ ഓഫീസർ